**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3508** **15-02-2024 - ൽ മറുപടിയ്ക്ക്**

**പുനലൂർ മണ്ഡലത്തിലെ വില്ലേജുതല ജനകീയ സമിതികളിൽ ശേഖരിച്ച പട്ടയ അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിൽ വിവിധ വില്ലേജുകളിലായി നടന്ന വില്ലേജുതല ജനകീയ സമിതികളിൽ ശേഖരിച്ച പട്ടയ അപേക്ഷകളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ; | (എ) | വില്ലേജുതല ജനകീയ സമിതിയിൽ പട്ടയത്തിനുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതാണ്. |
| (ബി) | ഇവയിൽ താലൂക്ക് തലത്തിൽ പരിഹരിയ്ക്കാവുന്ന അപേക്ഷകൾ എത്രയെന്നും പട്ടയ ഡാഷ് ബോർഡിൽ ചേർത്തിട്ടുള്ള അപേക്ഷകൾ എത്രയെന്നും വിശദമാക്കാമോ; | (ബി) | വില്ലേജുതല ജനകീയ സമിതിയിൽ പട്ടയത്തിനുള്ള അപേക്ഷകൾ ലഭിച്ചിട്ടില്ലാത്തതാണ്. |
| (സി) | വില്ലേജ് തലത്തിൽ പട്ടയ സംബന്ധമായ അപേക്ഷകൾ ഇനിയും സ്വീകരിയ്ക്കാനുണ്ടെങ്കിൽ അവ ഏതൊക്കെ വില്ലേജുകളിൽ നിന്നാണെന്ന് വ്യക്തമാക്കാമോ; ആയവ അടിയന്തരമായി ശേഖരിയ്ക്കുന്നതിന് എന്ത് നടപടി സ്വീകരിയ്ക്കാനാകുമെന്ന് വിശദീകരിക്കാമോ; | (സി) | താലൂക്ക് തലത്തിൽ തഹസിൽദാർക്ക് ലഭിക്കുന്ന അപേക്ഷകൾ അർഹതയും, പതിവിന് വിധേയമാണോ എന്നും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർക്ക് കൈമാറുകയും, വില്ലേജ് ഓഫീസറിൽ നിന്നും റിപ്പോർട്ട് വാങ്ങി താലൂക്ക് തലത്തിൽ പതിവ് നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. പട്ടയ മിഷന്റെ ഭാഗമായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന പട്ടയ അസംബ്ലിയിൽ സംസ്ഥാനത്തെ എല്ലാ ജനപ്രതിനിധികൾക്കും അവരവരുടെ അധികാരപരിധിയിൽ ഉള്ള പട്ടയ വിഷയങ്ങളും, പട്ടയം ലഭിക്കാത്തവരുടെ വിവരങ്ങളും അവതരിപ്പിക്കുന്നതിന് അവസരമുണ്ട്. ഇങ്ങനെ അവതരിപ്പിക്കുന്ന പട്ടയ വിഷയങ്ങളിൽ താലൂക്ക് തലത്തിലും, ജില്ലാ തലത്തിലും പരിഹരിക്കാൻ കഴിയുന്നവ അതാത് തലങ്ങളിൽ പരിഹരിക്കപ്പെടും. ശേഷിക്കുന്നവ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി സംസ്ഥാന ദൗത്യസംഘത്തിന്റെ തീർപ്പിന് നൽകുന്നു. അർഹരായ കൈവശക്കാർക്ക് പട്ടയത്തിനുള്ള അപേക്ഷകൾ വില്ലേജ് ഓഫീസിലോ താലൂക്ക് ഓഫീസിലോ നേരിട്ടും ആറ് മാസത്തിലൊരിക്കൽ നടക്കുന്ന പട്ടയ അസംബ്ലിയിൽ ബന്ധപ്പെട്ട ജനപ്രതിനിധി മുഖേനയും സമർപ്പിക്കാം. |

| | | | |
|---|---|---|---|
| (ഡി) | മണ്ഡലത്തിലെ അർഹരായ മുഴുവൻ കൈവശക്കാരുടെയും പട്ടയ അപേക്ഷകൾ എന്നത്തേയ്ക്ക് ശേഖരിയ്ക്കാനാകുമെന്ന് വിശദമാക്കാമോ? | (ഡി) | പട്ടയത്തിനുള്ള അപേക്ഷ കക്ഷികളിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക്, ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള പതിവ് നടപടികൾ സമയ ബന്ധിതമായി പൂർത്തിയാക്കി അർഹതപ്പെട്ടവർക്ക് പട്ടയം അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ